## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 320          23.06.2014-ൽ മറുപടിയ്ക്ക്

### കേന്ദ്രസർക്കാരിൽ നിന്നും നേടിയെടുക്കുവാൻ കഴിഞ്ഞ പദ്ധതികൾ

| | ചോദ്യം<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>,, കോടിയേരി ബാലകൃഷ്ണൻ<br>ഡോ. ടി. എം. തോമസ് ഐസക്<br>ശ്രീ. എ. പ്രദീപ്കുമാർ | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തിന്റെ വികസനത്തിനായി കേന്ദ്രസർക്കാരിന്റെ മുമ്പാകെ ഉന്നയിച്ചിട്ടുള്ള പ്രമുഖ ആവശ്യങ്ങൾ നേടിയെടുക്കുന്നതിൽ സർക്കാർ വിജയിച്ചിട്ടുണ്ടോ ; | (എ), (ബി) & (സി) | സംസ്ഥാനത്തിന്റെ വികസനത്തിനായി കേന്ദ്രസർക്കാരിന്റെ മുമ്പാകെ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി ഊർജ്ജിതമായ ശ്രമങ്ങളാണ് സംസ്ഥാന സർക്കാർതലത്തിൽ നടന്നുവരുന്നത്. സംസ്ഥാനം വിവിധ നിവേദനങ്ങളിലൂടെ ഉന്നയിച്ച എല്ലാ ആവശ്യങ്ങൾക്കും അനുഭാവപൂർണ്ണമായ സമീപനമാണ് മുൻ കേന്ദ്രസർക്കാരിന്റെ ഭാഗത്തു നിന്നും ലഭ്യമായത്. സംസ്ഥാനം ഉന്നയിച്ച പുതിയ പദ്ധതികൾ അടക്കമുള്ള എല്ലാ പദ്ധതികളും കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ബി) | വിവിധ ഘട്ടങ്ങളിലായി ഉന്നയിച്ച ആവശ്യങ്ങളും കൈവരിച്ച നേട്ടങ്ങളും സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ; | | |
| (സി) | സമർപ്പിച്ചിട്ടുള്ളതിൽ ഇപ്പോഴും പരിഗണിക്കപ്പെട്ടിട്ടില്ലാത്ത ആവശ്യങ്ങൾ എന്തെല്ലാമാണ് ; | | കൊച്ചി മെട്രോ റയിൽ പദ്ധതി, അട്ടപ്പാടിയിൽ സമഗ്ര പരിസ്ഥിതി സംരക്ഷണ പദ്ധതി, റേഷൻകടകളുടെ നവീകരണത്തിന് പന്ത്രണ്ടാം പദ്ധതിയിൽ ഉൾപ്പെടുത്തി സഹായം, സംസ്ഥാനത്തിന്റെ ആവശ്യത്തിന് അരിയും ഗോതമ്പും അനുവദിക്കൽ, ന്യായവില കടകളിലൂടെ അവശ്യ സാധനങ്ങളുടെ വിതരണം, സിൽക്കും എച്ച്.ഇ.എൽ.മായുള്ള സംയുക്ത സംരംഭം, ഭാരത് ഹെവി ഇലക്ട്രിക്കൽ ലിമിറ്റഡും കേരള സർക്കാരുമായിച്ചേർന്ന് കാസർഗോഡ് ആരംഭിക്കുന്ന BHEL, Electric Machine Ltd, SCL ഉം SAIL യുമായി ചേർന്നുള്ള സംയുക്ത സംരംഭം, കായംകുളത്തു നിന്നും തിരുവനന്തപുരത്തേക്ക് വാതക പൈപ്പ് ലൈൻ നീട്ടൽ, മണ്ണെണ്ണ വിഹിതം അനുവദിക്കൽ, രാജീവ് ഗാന്ധി ഏവിയേഷൻ സെന്റർ പരിശീലനത്തിനായി ഇന്ത്യൻ എയർ ഫോഴ്സിന്റെ പഴയ വിമാനം അനുവദിക്കുന്നതിന് നടപടി, ജൻറം പദ്ധതി പ്രകാരം തിരുവനന്തപുരം, കൊച്ചി നഗരങ്ങൾക്ക് കൂടുതൽ ബസ്സുകൾ വാങ്ങാനുള്ള തുക അനുവദിക്കാൻ നടപടി, എൻവയോൺമെന്റ് ഇംപാക്റ്റ് അസ്സസ്മെന്റ് |

| | | | |
|---|---|---|---|
| | | | നോട്ടിഫിക്കേഷൻ 2006 പ്രകാരം സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്റ്റ് അസ്സസ്മെന്റ് അതോറിറ്റിയും സ്റ്റേറ്റ് ലെവൽ എക്സ്പേർട്ട് കമ്മിറ്റിയും സ്ഥാപിക്കുന്നതിന് അനുമതി, മുപ്പത്തിയഞ്ചാം ദേശീയ ഗെയിംസിന്റെ ഗെയിംസ് വില്ലേജ് സ്ഥാപിക്കുന്നതിന് ആർമിയുടെ സഹായത്തോടെ പ്രീ-ഫാബ്രിക്കേറ്റഡ് ഇൻഫ്രാസ്ട്രക്ചർ നിർമ്മാണത്തിനുള്ള അനുമതി, കോൾ കൃഷിയുമായി ബന്ധപ്പെട്ട് 425 കോടി രൂപയുടെ പദ്ധതികൾ എന്നിവയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (ഡി) | അവ നേടിയെടുക്കാൻ പുതിയ കേന്ദ്രസർക്കാരിനെ സമീപിക്കുകയുണ്ടായോ : | (ഡി) | പുതിയ പ്രധാനമന്ത്രിയുമായി മുഖ്യമന്ത്രി നടത്തിയ പ്രഥമ കൂടിക്കാഴ്ചയിൽ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ സംബന്ധിച്ച് വിശദമായി ചർച്ച ചെയ്യുവാൻ അവസരമുണ്ടായില്ലെങ്കിലും സംസ്ഥാനത്തിന്റെ പൊതുവായ വികസനത്തിന് കേന്ദ്രസർക്കാരിന്റെ പൂർണ്ണ സഹായം അഭ്യർത്ഥിക്കുകയുണ്ടായി. പാർലമെന്റിന്റെ ബഡ്ജറ്റ് സമ്മേളനത്തിന്റെ മുന്നോടിയായി 27-06-2014-ന് ചേരുന്ന കേരളത്തിൽ നിന്നുള്ള എം.പി.മാരുടെ യോഗത്തിൽ ഉയർന്നുവരുന്ന അഭിപ്രായങ്ങൾ കൂടി കണക്കിലെടുത്ത് സംസ്ഥാനത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾ എത്രയും വേഗം കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |
| (ഇ) | ഈ സർക്കാരിന്റെ കാലത്ത് കേന്ദ്രസർക്കാർ പ്രഖ്യാപിച്ച പദ്ധതികളിൽ നാളിതുവരെ പ്രവർത്തനമാരംഭിച്ചിട്ടില്ലാത്തവ ഏതൊക്കെയാണ് : അവയുടെ പ്രവർത്തനം എപ്പോൾ ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു : വിശദമാക്കുമോ ? | (ഇ) | കേന്ദ്ര സർക്കാർ അനുവദിച്ച മിക്ക പദ്ധതികളുടെയും പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. കൊച്ചി-മെട്രോ റയിലിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട പാലങ്ങളുടെ പണി തുടങ്ങുകയും കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം തുറമുഖ പദ്ധതി, തിരുവനന്തപുരം ലൈഫ് സയൻസ് പാർക്ക്, കാസർഗോഡ് ചീമേനി 1200 മെഗാവാട്ട് ശേഷിയുള്ള ഗ്യാസ് ബേസ്ഡ് പവ്വർ പ്ലാന്റ് തുടങ്ങിയ പദ്ധതികളുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലമെടുപ്പ് ആരംഭിക്കുകയും, KSIDC, GAIL ഉമായി ചേർന്ന് ഒരു Joint Venture Contract (JVC) പ്രകാരം 'Kerala GAIL Gas Limited Company' ഉണ്ടാക്കുകയും, ഗ്യാസ് പൈപ്പ് ലൈൻ വഴി വിതരണം ചെയ്യുന്നതിന് ആവശ്യമായ Pipe laying ജോലികൾ ആരംഭിക്കുകയും ചെയ്തു കഴിഞ്ഞിട്ടുണ്ട്. |

[signature]

സെക്ഷൻ ഓഫീസർ